# ശിവരാത്രി മണൽപ്പുറത്ത് പോലീസ് കൺട്രോൾറൂം പ്രവർത്തനമാരംഭിച്ചു



ചരിത്ര പ്രസിദ്ധമായ ആലുവ ശിവരാത്രി മഹോത്സവം – 2019 ന്റെ സുഗമമായ നടത്തിപ്പിന് വേണ്ടി പോലീസ് ഒരുക്കിയിട്ടുള്ള വിപുലമായ സുരക്ഷാക്രമീകരണങ്ങളുടെ ഭാഗമായി, ജനങ്ങളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും മറ്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേണ്ടി ആലുവ മണപ്പുറത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന പോലീസ് കൺട്രോൾ റൂം ഇന്ന് (04-03-2019) മുതൽ പ്രവർത്തനമാരംഭിച്ചു.

ഇന്ന് (04.03.2019) രാവിലെ നടന്ന ചടങ്ങിൽ ബഹു.എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. രാഹുൽ.ആർ.നായർ IPS കൺട്രോൾറൂമിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു തദവസരത്തിൽ അഡീഷണൽ എസ്.പി സോജൻ.എം.ജെ, ജില്ലാ സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ.എസ്.പി റാഫി.ആർ, ഡിസ്ട്രിക്റ്റ് ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി ജവഹർ ജനാർദ്ദ്, ആലുവ ഡി.വൈ.എസ്.പി എൻ.ആർ.ജയരാജ് എന്നിവർ സംബന്ധിച്ചു.

15 ഡി.വൈ.എസ്.പി മാർ, 28-സി.ഐ.മാർ, 176- എസ്.ഐ/എ.എസ്.ഐ-മാർ, 772-എസ്.സി.പി.ഒ /സി.പി.ഒ-മാർ , 198-വനിത സി.പി.ഒ-മാർ എന്നിവരടങ്ങുന്ന വിപുലമായ പോലീസ് സംഘത്തെയാണ് ഡ്യൂട്ടിയ്ക്കായി നിയോഗിച്ചിട്ടുള്ളത്. കൂടാതെ പോക്കറ്റടിക്കാരെയും, പിടിച്ചുപറിക്കാരെയും മറ്റും നിരീക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിൽ നിന്നുള്ള മഫ്തി പോലീസ് ഉൾപ്പെടുന്ന പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും, നിരീക്ഷണ ക്യാമറകൾ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതുമാണ്. ശിവരാത്രി മണൽപ്പുറത്ത് പ്രവർത്തനം ആരംഭിക്കുന്ന താൽക്കാലിക പോലീസ് കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തിക്കുന്നതാണ്. ഈ താത്കാലിക സംവിധാനം ആലുവ മണപ്പുറത്ത് ശിവരാത്രി മഹോൽസവത്തിനോട് അനുബന്ധിച്ചുള്ള വ്യാപാരമേള തീരുന്ന നാളുവരെ തുടരുന്നതാണ്.